# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3385** **16.12.2015- ൽ മറുപടിക്ക്**

## കൃഷിഭവനുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.എം.എ.വാഹീദ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷിഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.<br>1) സംസ്ഥാനത്തെ എല്ലാ കർഷകരുടെയും, അവരുടെ കൃഷിയെക്കുറിച്ചുമുള്ള ഡേറ്റാ-ബേസ് .തയ്യാറാക്കുക.<br>2) കാർഷിക വികസന സമിതികൾ കാര്യക്ഷമമാക്കുക.<br>3) കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുക.<br>4) എല്ലാ കൃഷിഭവനുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക. |
| ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനും ഡേറ്റാബേസ് പ്രയോജനകരമായിത്തീരും. പദ്ധതികളുടെ നടത്തിപ്പ് കർമ്മപദ്ധതിയിലൂടെ മെച്ചപ്പെടുമെന്ന് കരുതുന്നു. |

. . .2)

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ഡേറ്റാബേസ് സംബന്ധിച്ച നടപടി പുരോഗമിച്ചു വരുന്നുണ്ട്. ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ലീഡ്സ്, ആത്മ പദ്ധതികളിലൂടെ വിജ്ഞാനവ്യാപന പരിപാടിയും മികച്ചരീതിയിൽ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ